## റൂളിംഗ്

മി. സ്പീക്കർ: 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് എന്നീ നിയമങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിക്കാത്തതുമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ചാണ് ശ്രീ. വി. ഡി. സതീശൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. വളരെ പ്രസക്തമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം സഭയിൽ ഉന്നയിച്ചിരിക്കുന്നത്. ഒരു നിയമം ഉണ്ടാകുന്നത് ജനങ്ങളുടെ വികാരത്തിൽനിന്നും ആവശ്യത്തിൽ നിന്നുമാണ്. നിയമം രൂപീകരിക്കപ്പെട്ടതിനുശേഷവും അതിന്റെ ചട്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് നിരന്തരമായി സഭയിൽ ഉന്നയിക്കപ്പെടേണ്ടി വരിക എന്നത് നിർഭാഗ്യകരമായ ഒരു കാര്യമാണ്. ദൈവം കനിഞ്ഞാലും പൂജാരി കനിയില്ല എന്നുള്ള ഈ അവസ്ഥ അംഗീകരിക്കാൻ കഴിയുന്നൊരു സാഹചര്യമല്ല എന്ന് ഖേദത്തോടുകൂടി പറയുകയാണ്.

സഭ പാസ്സാക്കുന്ന നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് നിരവധി പ്രാവശ്യം ക്രമപ്രശ്നങ്ങൾ സഭയിൽ ഉയർന്നുവരികയും അതിന്മേലൊക്കെ കർശനമായ റൂളിംഗുകൾ

നൽകിയിട്ടുള്ളതുമാണ്. ഏറ്റവും ഒടുവിൽ കഴിഞ്ഞ സമ്മേളന കാലത്ത് (9-ാം സമ്മേളനം), 06-02-2018-ന് 2015-ലെ എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക സർവ്വകലാശാല ആക്ട്, 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട്, കേന്ദ്ര നിയമമായ 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം എന്നിവ പ്രകാരമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാതിരുന്നത് സംബന്ധിച്ച് സഭയിൽ ക്രമപ്രശ്നം ഉന്നയിക്കപ്പെടുകയും വളരെ കർശനമായ റൂളിംഗ് നൽകിയിട്ടുള്ളതുമാണ്.

നിയമസഭയോ പാർലമെന്റോ പാസ്സാക്കുന്ന നിയമങ്ങൾ അവ ഏതുതന്നെ ആയാലും അതിനനുസൃതമായി നിർമ്മിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസം ഉണ്ടാകുന്നു എന്നത് ഖേദകരമാണ്. എന്നാൽ സഭയിൽ ഇത് നിരന്തരമായി ഉന്നയിക്കപ്പെടുന്ന സാഹചര്യത്തിൽ മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ചില പുരോഗതി ഉണ്ടായിട്ടുണ്ട് എന്നുള്ളതും ശരിയാണ്. അത്തരം ഓരോ നിയമത്തിന്റെയും പേരിൽ പ്രത്യേകം പ്രത്യേകം ക്രമപ്രശ്നങ്ങൾ ആവർത്തിച്ച് സഭയിൽ ഉയർന്നുവരുന്ന സാഹചര്യവും അതിന് പ്രത്യേകമായ റൂളിംഗ് നൽകേണ്ടിവരുന്ന സാഹചര്യവും ഒട്ടും ആശാസ്യമായ കാര്യമല്ല.

ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ 90 ദിവസത്തിനകം അതനുസരിച്ചുള്ള

കരട് ചട്ടങ്ങൾ തയ്യാറാക്കി അവ മുൻകൂർ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന വ്യക്തമായ വ്യവസ്ഥ നിയമസഭാ ചട്ടങ്ങളിലെ ചട്ടം 238-ൽ ഉണ്ടായിട്ടുപോലും അവ പാലിക്കപ്പെടാതെ പോകുന്നത് എന്തുകൊണ്ടാണെന്ന് ബന്ധപ്പെട്ടവർ ഗൗരവപൂർവ്വം പരിശോധിക്കണമെന്നാണ് ചെയറിന് ആവർത്തിച്ച് പറയാനുള്ളത്. ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തിയാലേ ഇക്കാര്യം ആവർത്തിക്കാതിരിക്കാൻ കഴിയുകയുള്ളൂ എന്ന് ചെയർ കരുതുന്നു. അത് വീണ്ടും ചെയർ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അവരവരുടെ വകുപ്പിന് കീഴിൽ വരുന്ന നിയമങ്ങൾക്ക് അനുസൃതമായ ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കണമെന്നും ഇതിനായി പ്രത്യേകമായി നിയമ വകുപ്പ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലും ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.